പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1174 — 30.09.2016 ൽ മറുപടിക്ക്

## ഗതാഗത തിരക്ക് ഒഴിവാക്കുന്നതിനുള്ള കർമ്മ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.ദാസൻ | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |
| (എ) നഗരങ്ങളിലെ ഗതാഗത തിരക്ക് ഒഴിവാക്കുന്നതിനുള്ള കർമ്മ പദ്ധതി ആവിഷ്കരിക്കുന്നതിന് ആരംഭിച്ച നടപടികളുടെ പുരോഗതി വിശദമാക്കുമോ; | (എ) നഗരങ്ങളിലെ ഗതാഗത തിരക്ക് ഒഴിവാക്കുന്നതിനായി ഗതാഗത വകുപ്പ് പ്രത്യേകം കർമ്മ പദ്ധതികൾ ഒന്നും ആവിഷ്കരിച്ചിട്ടില്ല. എന്നാൽ ദേശീയപാത വിഭാഗത്തിന്റെ കീഴിൽ നിർമ്മാണം പൂർത്തിയായതും നടന്നു കൊണ്ടിരിക്കുന്നതും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതുമായ ബൈപ്പാസുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.<br>1. കോഴിക്കോട് ബൈപ്പാസ് നിർമ്മാണം പൂർത്തീകരിച്ച് ഗതാഗതത്തിന് തുറന്നു കൊടുത്തു.<br>2. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ ബൈപ്പാസുകളുടെയും രാമനാട്ടുകര, തൊണ്ടയാട് എന്നീ ഫ്ലൈ ഓവറുകളുടെയും പദ്ധതികൾ പുരോഗമിച്ചു വരുന്നു.<br>3. തൃപ്പൂണിത്തുറ, തലശ്ശേരി മാഹി, മൂവാറ്റുപുഴ, കോതമംഗലം, സുൽത്താൻബത്തേരി, താമരശ്ശേരി, മണ്ണാർക്കാട് എന്നീ ബൈപാസുകളുടെയും കണ്ണൂർ, വൈറ്റില, കഞ്ഞിക്കുഴി എന്നീ ഫ്ലൈ ഓവറുകളുടേയും നിർമ്മാണം തുടങ്ങുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |
| (ബി) പ്രസ്തുത പദ്ധതിയിൽ കൊയിലാണ്ടി നഗരത്തെ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ? | (ബി) എൻ.എച്ച്- 17 ന്റെ നാലുവരിപ്പാതയുടെ നിർമ്മാണത്തിൽ നന്തി മുതൽ ചെങ്ങോട്ടുകാവ് വരെയുള്ള ഭാഗത്ത് ബൈപ്പാസ് നിർമ്മിക്കുന്നതിന് പദ്ധതിയുണ്ട്. ഇതിനുള്ള ഡി.പി.ആർ നാഷണൽ ഹൈവേ ഓഫ് ഇൻഡ്യ കൺസൾട്ടൻസി മുഖേന തയ്യാറാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ